കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-ബി.പി-1451/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി. 01.12.2017
ഇ-മെയിൽ :- ddhglfalpy@gmail.com
ഫോൺ :- 0477 2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ആര്യാട് ബ്ലോക്ക് പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

കെ.എസ്.എ-എ.എൽ.പി-ബി.പി-1451/17 തീയതി :- 01.12.2017

# ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.02.2017 മുതൽ 15.11.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ആർ. അശോകൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 16.11.2017മുതൽ<br>24.11.2017 വരെ | ശ്രീമതി. വി. മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. കെ. എം. പ്രശോഭൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രഞ്ജു പ്രകാശ്, ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

### 1. പ്രസിഡന്റ്

| | | |
|---|---|---|
| 1. | അഡ്വ. ഷീന സനൽകുമാർ | 01.04.2016 മുതൽ 31.03.2017വരെ |

### 2. സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.ശരത്ചന്ദ്രക്കുറുപ്പ് | 01.04.2016 മുതൽ 16.06.2016 വരെ |
| 2 | ശ്രീമതി. സി.എ.ബീന, ജി.ഇ.ഒ (ചാർജ്ജ്) | 17.06.2016 മുതൽ 28.07.2016 വരെ |
| 3 | ശ്രീ.സി.കെ.മോഹനൻ നായർ | 29.07.2016 മുതൽ 31.03.2017 വരെ |

### 3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. സ്നേഹജൻ. കെ. എൻ | 01.04.2016 മുതൽ 31.03.2017വരെ |
| 2 | വികസനകാര്യം | ശ്രീമതി. കൊച്ചുത്രേസ്യ ജെയിംസ് | 01.04.2016 മുതൽ 31.03.2017വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. ജയൻ തോമസ് | 01.04.2016 മുതൽ 31.03.2017വരെ |
| 4 | ആരോഗ്യ - വിദ്യാഭ്യാസകാര്യം | ശ്രീമതി. വിലഞ്ചിത ഷാനവാസ് | 01.04.2016 മുതൽ 31.03.2017വരെ |

### 4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി. സഫീന. കെ. എസ് | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ, ആർ.എച്ച്.ടി.സി.,ചെട്ടികാട് | ഡോ. വിശ്വകല. വി. എസ് | 01.04.2016 മുതൽ 15.04.2016വരെ |
| | ഡോ. ജീന രമേശ് | 16.04.2016മുതൽ 17.06.2016വരെ |
| | ഡോ. ആശ | 18.06.2016മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.,മുഹമ്മ | ഡോ. ശ്രീദേവി. എസ് | 01.04.2016മുതൽ 30.09.2016വരെ |

| | | |
|---|---|---|
| | ഡോ. ബിജു മോഹൻ. എം. റ്റി | 01.10.2016മുതൽ 10.02.2017വരെ |
| | ഡോ. ശ്രീദേവി. എസ് | 11.02.2017മുതൽ 31.03.2017വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. രാജീവ്. എസ് | 01.04.2016 മുതൽ 06.11.2016വരെ |
| | ശ്രീമതി. അനൂപ | 07.11.2016 മുതൽ 31.03.2017വരെ |
| സി.ഡി.പി.ഒ | ശ്രീമതി. ഡയാന. എ | 01.04.2016 മുതൽ 30.11.2016 വരെ |
| | ശ്രീമതി. സ്വപ്ന | 01.12.2016 മുതൽ 20.01.2017വരെ |
| | ശ്രീമതി. റഷീദ ബീവി | 21.01.2017 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. അപ്പൻ. എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ. ഉദയകുമാർ | 01.04.2016 മുതൽ 27.10.2016 വരെ |
| | ശ്രീമതി.സിനി മോൾ | 28.10.2016 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി. സുസ്മിത. എൽ | 01.04.2016 മുതൽ 31.07.2016 വരെ |
| | ശ്രീമതി. സുനിത | 01.08.2016 മുതൽ 31.03.2017 വരെ |

## ഉള്ളടക്കം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| ഭാഗം 1 | | |
| 1 | പൊതു അവലോകനം | 1-1 മുതൽ<br>1-5 വരെ |
| ഭാഗം2 | | |
| 2 | കെട്ടിട വാടക - കരാർ പ്രകാരമുള്ള വർദ്ധിപ്പിച്ച നിരക്ക് ഈടാക്കുന്നില്ല – വരുമാന നഷ്ടം | 2-1 |
| 3 | ഇ-ടെൻഡറിംഗ് - ടെൻഡർ ഫീ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. | 2-2 |
| ഭാഗം 3 | | |
| 4 | ചെട്ടികാട്, ആർ.എച്ച്.റ്റി.സി സമഗ്ര വികസനം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ | 3-1 |
| 5 | മുഹമ്മ ,സി.എച്ച്.സിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല | 3-2 |
| 6 | പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-3 |
| 7 | സേവനനികുതിയിനത്തിൽ കരാറുകാരന് അധികതുക നൽകി. | 3-4 |
| 8 | വിനിയോഗരേഖകൾ ഹാജരാക്കിയില്ല | 3-5 |
| 9 | പ്രൊഫഷണൽ കോഴ്സ് - എസ്.സി വിദ്യാർത്ഥികൾക്ക് ധനസഹായം ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സുതാര്യമല്ല | 3-6 |
| 10 | ഘടക സ്ഥാപനങ്ങൾക്ക് ഓഫീസ് ഉപകരണങ്ങളും ഫർണീച്ചറും- രേഖകൾ അപൂർണ്ണം | 3-7 |
| 11 | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ - തുക മുൻകൂറായി നൽകി- പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല | 3-8 |
| 12 | വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല | 3-9 |
| 13 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു | 3-10 |
| 14 | കടലോര മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് വല , കട്ടമരം , ഔട്ട് ബോർഡ് എഞ്ചിൻ - നിർവഹണത്തിലെ അപാകതകൾ | 3-11 |
| 15 | സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ - മാനദണ്ഡങ്ങൾ | 3-12 |

| | | |
|---|---|---|
| | പാലിച്ചില്ല. | |
| 16 | മുഹമ്മ സി.എച്ച്.സി. വൈദ്യുതാകരണം - പണം ഡിപ്പോസിറ്റ് ചെയ്തെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. | 3-13 |
| 17 | വായനശാലകൾക്ക് പത്രത്തിന് പണം നൽകൽ - അപാകതകൾ | 3-14 |
| | ഭാഗം 4 | |
| 18 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |
| | അനുബന്ധം | |
| 19 | ഓഡിറ്റ് സർട്ടിഫിക്കറ്റ് മലയാളം | അനുബന്ധം1 |
| 20 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഇംഗ്ലീഷ് | അനുബന്ധം 2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 20.03.2016തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 168814000 | 172075650 |

ബ്ലോക്ക് പഞ്ചായത്തിന്റെ യഥാർത്ഥ വരവും ചെലവുകളും ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. വാർഷിക കണക്കിലെ അപാകങ്ങൾ ഖണ്ഡിക 4-1-ൽ പരാമർശിച്ചിട്ടുണ്ട്.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 23738221 | 18385378 | 77.45 |
| വികസനഫണ്ട് എസ്.സി.പി | 4656984 | 4385848 | 94.18 |
| വികസനഫണ്ട് റ്റി.എസ്.പി | 292467 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 3695583 | 3695583 | 100 |

പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിച്ച തുക ടി വിഭാഗത്തിന്റെ ക്ഷേമത്തിനായി ഉപയോഗിക്കാതെ

പൂർണ്ണമായും നഷ്ടപ്പെടുത്തിയത് കുറ്റകരമായ അനാസ്ഥയാണ്.

## 1-4 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 66 | 32383255 | 55 | 26466809 | 8 | 3 | 83 |

## 1-5 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.01.2017 | 12/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.05.2014 | 2010-11മുതൽ 2012-13 വരെ | 14.07.2015 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട വാടക - കരാർ പ്രകാരമുള്ള വർദ്ധിപ്പിച്ച നിരക്ക് ഈടാക്കുന്നില്ല -വരുമാന നഷ്ടം

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ Rural Self Employment Training Institutes നടത്തുന്നതിന് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ (ബിൽഡിംഗ് നം.XXII/575 & XXII/572) എസ്.ബി.റ്റി. യ്ക്ക് വാടകയ്ക്ക് നല്കിയിട്ടുണ്ട്. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ഡയറക്ടർ, എസ്.ബി.റ്റി, RSETI, ആലപ്പുഴയും ചേർന്ന് 08.02.2010ൽ ഏർപ്പെട്ട കരാർ പ്രകാരം പ്രതിമാസം 3500/-രൂപ നിരക്കിൽ വാടക നിശ്ചയിച്ചിട്ടുള്ളതാണ്. കരാർ ഖണ്ഡിക നം. 2 പ്രകാരം, ടി കെട്ടിടങ്ങളുടെ വാടക കരാർ 5 വർഷം പൂർത്തിയാകുന്നതിന് 3 മാസം മുമ്പ് (09.11.2014 ന്) 20% വർദ്ധനവ് വരുത്തി പുതുക്കേണ്ടതാണ്. 12.08.2015ലെ 02-ാം നമ്പർ തീരുമാന പ്രകാരം 4200/- രൂപ വാടക പുതുക്കി നിശ്ചയിച്ചതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ വർദ്ധിപ്പിച്ച തുക ഈടാക്കിയിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/22.11.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, കാലാവധി അവസാനിക്കുന്ന 11/2014മുതൽ 03/2017വരെ 20300/- (700X29) രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ആകെ 8400/- (700X12) രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വാടകയിനത്തിലുള്ള നഷ്ടം 20300/- രൂപ പിഴ പലിശ സഹിതം സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 ഇ-ടെൻഡറിംഗ് - ടെൻഡർ ഫീ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം (സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ) ഇ-ടെണ്ടറിംഗ് നടത്തിയ പ്രവൃത്തികളിൽ, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൌണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീസിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. തുക ഇതുവരെ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. തുക

ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നം. പ്രവൃത്തിയുടെ പേര് | ടെൻഡർ ID, ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | കരാറുകാരുടെ പേരും മേൽവിലാസവും | ടെണ്ടർ ഫീസ് | ആകെ ലഭ്യമായ ടെണ്ടർ ഫീസ് |
|---|---|---|---|---|---|
| 1 | S0037/17<br>ബ്ലോക്ക് പഞ്ചായത്തിന്റെ അടിസ്ഥാനസൗകര്യവികസനം | 2016-LSGD-85631-1<br>3 | ജോർജ്ജുകുട്ടി, പള്ളിപ്പറമ്പിൽ, കാട്ടൂർ പി.ഒ | 2625 | 7875 |
| | | | കെ.കെ.ശശി, കണ്ണച്ചാംകാവിൽ, പൊന്നാട് പി.ഒ | 2625 | |
| | | | ജോസഫ്.റ്റി.ആർ,<br>തൈവെളിക്കകത്ത്, പാതിരപ്പള്ളി. പി.ഒ | 2625 | |
| 2 | S0078/17 മാതൃകാ പ്രീമെട്രിക് ഹോസ്റ്റൽ പദ്ധതി- കലവൂർ പ്രീമെട്രിക് ഹോസ്റ്റൽ അറ്റകുറ്റപ്പണി | 2016-LSGD-85699-1<br>3 | ബിനീഷ് കുമാർ. വി, വെളിയിൽ | 1260 | 3780 |
| | | | ജിതേന്ത്.കെ.ആർ, കുതക്കര ഹൗസ്, കാട്ടൂർ | 1260 | |
| | | | കെ.കെ.ശശി, കണ്ണച്ചാംകാവിൽ, പൊന്നാട് പി.ഒ | 1260 | |
| 3 | S0101/17<br>ചെട്ടികാട് ആർ.എച്ച്.റ്റി.സി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി | 2016-LSGD-85695-1<br>2 | ജോർജ്ജുകുട്ടി, പള്ളിപ്പറമ്പിൽ, കാട്ടൂർ പി.ഒ | 1260 | 2520 |
| | | | എ.എ.ജോസഫ്, അറയ്ക്കൽ ഹൗസ്, | 1260 | |

| | | | | | |
|---|---|---|---|---|---|
| | | | പാതിരപ്പള്ളി പി.ഒ | | |
| 4 | S0111/17 സി. എച്ച്.സി ക്വാർട്ടേഴ്സ് പൂർത്തീകരണം | 2016-LSGD-68572-1<br>2 | ബെന്നി. റ്റി,<br>തേനപ്പൻചിറ, മായിത്തറ പി.ഒ, ചേർത്തല | 525 | 1050 |
| | | | പി.കെ. പ്രകാശൻ , കണ്ണാട്ട് കരിക്കാട്, തണ്ണീർമുക്കം | 525 | |
| 5 | S0112/17<br>മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ ഷെഡ് നിർമ്മാണം | 2017-LSGD-111458-1<br>2 | മൗലാനാ അബ്ദുൾ കലാം ആസാദ്, ഖാദർ മൻസിൽ, പൊന്നാട്.പി.ഒ | 2625 | 5250 |
| | | | കാപ്സ്കോൺ ഇൻഫ്രാ പ്രൈവറ്റ് ലിമിറ്റഡ്, ആലപ്പുഴ | 2625 | |
| 6 | S0113/17<br>ശുചിത്വമാർന്ന നാട്ടിടവഴി ടൈൽ നിർമ്മാണം- എം.ജി.എൻ.ആർ . ജി.എസ്. തൊഴിൽ യൂണിറ്റുകൾക്ക് സഹായം - വർക്ക് ഷെഡ് നിർമ്മാണം - ആര്യാട് ഗ്രാമ പഞ്ചായത്ത് | 2017-LSGD – 111457-1<br>3 | ഷാഹുൽ ഹമീദ് നൈന, ഖാദർ മൻസിൽ, പൊന്നാട് പി.ഒ | 1050 | 3150 |
| | | | കാപ്സ്കോൺ ഇൻഫ്രാ പ്രൈവറ്റ് ലിമിറ്റഡ്, ആലപ്പുഴ | 1050 | |
| | | | അനഘാശയൻ, ചിന്നക്കൻ പറമ്പ്, പറവൂർ നോർത്ത് പി.ഒ | 1050 | |

| | | | | | |
|---|---|---|---|---|---|
| 7 | S0114/17<br>ശുചിത്വമാർന്ന നാട്ടിടവഴി ടൈൽ നിർമ്മാണം എം.ജി.എൻ. ആർ.ജി.എസ്. തൊഴിൽ യൂണിറ്റുകൾക്ക് സഹായം - വർക്ക് ഷെഡ് നിർമ്മാണം- മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് | 2017-LSGGD-111390-1<br>3 | കാപ്സ്കോൺ ഇൻഫ്രാ പ്രൈവറ്റ് ലിമിറ്റഡ്, ആലപ്പുഴ | 1050 | 3150 |
| | | | ഉമ്മച്ചൻ. എ.പി.,<br>ആറാട്ടുകുളം, നോർത്ത് ആര്യാട് പി.ഒ | 1050 | |
| | | | ഷാഹുൽ ഹമീദ് നൈന, ഖാദർ മൻസിൽ, പൊന്നാട്.പി.ഒ | 1050 | |
| 8 | S0115/17<br>ശുചിത്വമാർന്ന നാട്ടിടവഴി ടൈൽ നിർമ്മാണം- എം.ജി.എൻ.ആർ . ജി.എസ്. തൊഴിൽ യൂണിറ്റുകൾക്ക് സഹായം - വർക്ക് ഷെഡ് നിർമ്മാണം - മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് | 2017-LSGD-111449-1<br>3 | ജോസഫ്.റ്റി.ആർ,<br>തൈവെളിക്കകത്ത്, പാതിരപ്പള്ളി. പി.ഒ | 1050 | 3150 |
| | | | കാപ്സ്കോൺ ഇൻഫ്രാ പ്രൈവറ്റ് ലിമിറ്റഡ്, ആലപ്പുഴ | 1050 | |
| | | | ഷാഹുൽ ഹമീദ് നൈന, ഖാദർ മൻസിൽ, പൊന്നാട്.പി.ഒ | 1050 | |
| 9 | S0116/17<br>ശുചിത്വമാർന്ന നാട്ടിടവഴി ടൈൽ നിർമ്മാണം-എം.ജി.എൻ.ആർ . ജി.എസ്.<br>തൊഴിൽ യൂണിറ്റുകൾക്ക് സഹായം<br>- വർക്ക് ഷെഡ് നിർമ്മാണം - മുഹമ്മ ഗ്രാമ പഞ്ചായത്ത് | 2017-LSGD -111534-1<br>2 | ഷാഹുൽ ഹമീദ് നൈന, ഖാദർ മൻസിൽ, പൊന്നാട്.പി.ഒ | 1050 | 2100 |
| | | | കാപ്സ്കോൺ ഇൻഫ്രാ | 1050 | |

| | | | | | |
|---|---|---|---|---|---|
| | | | പ്രൈവറ്റ് ലിമിറ്റഡ്, ആലപ്പുഴ | | |
| | ആകെ | | | | 32025 |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചെട്ടികാട്, ആർ.എച്ച്.റ്റി.സി സമഗ്ര വികസനം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്ടിന്റെ പേര് - ചെട്ടികാട്, ആർ.എച്ച്.റ്റി.സി യുടെ സമഗ്ര വികസനം

പ്രോജക്ട് നം . - 94/17

അടങ്കൽ തുക – 5,00,000/- (റോഡിതരം)

ചെലവ് തുക – 4,99,958/-

ബിൽ നം. - 1/16-17 , തീയതി - 16.01.17, തുക-1,75,000/-

ബിൽ നം. - 2/16-17 , തീയതി - 28.02.17, തുക-1,07,358/-

ബിൽ നം. - 4/16-17 , തീയതി - 29.03.17, തുക- 2,17,600/-

ചെട്ടികാട്, ആർ.എച്ച്.റ്റി.സി യുടെ സമഗ്ര വികസനം എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

എ) പിൻവലിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല

ഈ പ്രോജക്റ്റിനായി പിൻവലിച്ച 1,75,000/- രൂപയിൽ, ലാബിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ പണിക്കശ്ശേരി ഏജൻസീസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിന് നല്കുന്നതിനുള്ള 74,450/- രൂപ കൂടി ഉൾപ്പെട്ടതാണെന്ന് ട്രഷറി ബില്ലിനൊപ്പം സമർപ്പിച്ച രേഖകൾ സൂചിപ്പിക്കുന്നു. എന്നാൽ, 17.01.2017ൽ ബാങ്കേഴ്സ് ചെക്ക് നം. 296091 പ്രകാരം 64575/- രൂപ മാത്രമാണ് സ്ഥാപനത്തിന് നല്കിയിട്ടുള്ളത്. 20.01.2017-ലെ 114-ാം നമ്പർ രസീത് പ്രകാരം 64575 രൂപ മാത്രമാണ് സ്ഥാപനം കൈപ്പറ്റിയിട്ടുള്ളത്. ബാക്കി തുക 9875/- രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

ബിൽ നം.2/16-17 , തീയതി - 28.02.17 പ്രകാരം പിൻവലിച്ച തുകയായ 1,07,358/-രൂപയിൽ നിന്ന് 22,358/- രൂപ, കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പ്രൊഫോർമ ഇൻവോയിസ് നം.742 പ്രകാരം ഇ.സി.ജി മെഷീൻ വാങ്ങുന്നതിനായി മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ബിൽ നം. 6100002069/30.06.17 ഇ.സി.ജി മെഷീന്റെ വില 20895/- രൂപ മാത്രമാണ് . ബാക്കി തുക 1463/-രൂപയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.

അപാകതകളിന്മേൽ വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യത്തിലധികമായി പിൻവലിച്ച് ദുർവിനിയോഗം ചെയ്ത 11,338/- (1463+9875) രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നഷ്ടത്തിനുത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്.

ബി) ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയേക്കാളും അധികം തുക നൽകി

ചെട്ടികാട് ആർ.എച്ച്.റ്റി.സി യിൽ നിന്നും ലഭ്യമാക്കിയ ക്വട്ടേഷൻ ഓപ്പണിംഗ് രജിസ്റ്റർ പ്രകാരം ലാബ് ഉപകരണങ്ങൾ ലഭ്യമാക്കുവാൻ ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ, കുറഞ്ഞ നിരക്കുകൾ ക്വാട്ട് ചെയ്തത് പണിക്കശ്ശേരി ഏജൻസീസ്, തൃശ്ശൂർ എന്ന സ്ഥാപനമാണ്. ഈ സ്ഥാപനമാണ് ഉപകരണങ്ങൾ വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ, സ്ഥാപനം ഹാജരാക്കിയ ബില്ലിൽ ക്വാട്ട് ചെയ്ത നിരക്കിലും അധികം തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ലഭിച്ച ക്വട്ടേഷനുകൾ അടങ്ങിയ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| ബിൽ നം., തീയതി | ഇനം | എണ്ണം | ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുക | നൽകേണ്ട തുക | നൽകിയ തുക | അധികം |
|---|---|---|---|---|---|---|
| 177/25.10.15 | M30 Diluent | 1 | 3600 | 3600 | 3990 (Rate-3800 Tax-190) | 390 |
| | M30 Lyse | 1 | 3200 | 3200 | 3675 (Rate- 3500 Tax-175) | 475 |
| | M30 Rinse | 1 | 3600 | 3600 | 3990 (Rate-3800 | 390 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | Tax-190) | |
| 180/18.11.15 | M30 Diluent | 2 | 3600 | 7200 | 7980 (Rate-7600 Tax-380) | 780 |
| | M30 Rinse | 1 | 3600 | 3600 | 3990 (Rate-3800 Tax-190) | 390 |
| 192/20.12.15 | M30 Diluent | 1 | 3600 | 3600 | 3990 (Rate-3800 Tax-190) | 390 |
| | M30 Rinse | 1 | 3600 | 3600 | 3990 (Rate-3800 Tax-190) | 390 |
| | M30 Lyse | 1 | 3200 | 3200 | 3675 (Rate-3500 Tax-175) | 475 |
| 254/14.01.16 | M30 Diluent | 1 | 3600 | 3600 | 3990 (Rate-3800 Tax-190) | 390 |
| | M30 Lyse | 2 | 3200 | 6400 | 7350 (Rate-7000 Tax-350) | 950 |
| ആകെ | | | | | | 5020 |

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/22.11.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ലഭിച്ച ക്വട്ടേഷനുകൾ അടങ്ങിയ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പണിക്കശ്ശേരിൽ ഏജൻസീസിൽ നിന്നും ലഭ്യമായ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അധികമായി നൽകിയ 5020/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

സി) മരുന്ന് ലഭ്യമാക്കിയിട്ടില്ല

ബിൽ നം. 2/16-17, തീയതി - 28.02.17 പ്രകാരം പിൻവലിച്ച തുകയായ 1,07,358/-രൂപയിൽ നിന്ന് 75000/- രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. എന്നാൽ, കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ബിൽ നം. 2926/29.08.17, 3250/07.09.17 എന്നിവ പ്രകാരം 60258/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം .3/22.11.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 14,742/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിൽ 14742/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 മുഹമ്മ ,സി.എച്ച്.സിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്ടിന്റെ പേര് - മുഹമ്മ, സി.എച്ച്.സിയിലേയ്ക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം. - 117/17

ചെലവ് തുക - 2,00,000/-

ബിൽ നം. - 3/16-17, തീയതി - 22.03.17, തുക-2,00,000/-

മുഹമ്മ സി.എച്ച്.സിയിലേക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 200000/- രൂപ വകയിരുത്തിയിരുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2,00,000/- രൂപയുടെ ഇൻവോയ്സിന്റെ (നം. PRF3113/03.03.17) അടിസ്ഥാനത്തിൽ 22.03.17-ലെ ബിൽ നം. 3/16-17, പ്രകാരം 2,00,000/- രൂപ പിൻവലിച്ച് മുൻകൂറായി സ്ഥാപനത്തിന് നൽകി. തുക കൈപ്പറ്റിയതിന്റെ രസീത് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/21.11.17) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിൽ 2,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് - എം.എൽ.എ കെട്ടിടത്തിന്റെ വയറിംഗ്, വൈദ്യുതീകരണം മുഹമ്മ സി.എച്ച്.സി

പ്രോജക്ട് നം. - 109/17

ചെലവ് തുക - 4,45,000/-

ബിൽ നം. - 2/16-17, തീയതി - 22.03.17, തുക – 4,45,000/

എം.എൽ.എ കെട്ടിടത്തിന്റെ വയറിംഗ് , മുഹമ്മ സി.എച്ച്.സി വൈദ്യുതീകരണം എന്ന പ്രവൃത്തിക്കായി വികസന ഫണ്ടിൽ നിന്നും 4,45,000/- രൂപയാണ് വകയിരുത്തിയിരുന്നത്. പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 05.02.16 ലെ EDT/DB2-3897 /16-17 നം. കത്തിൽ, പ്രോജക്ടിന്റെ എസ്റ്റിമേറ്റ് 4,45,000/-രൂപ ആണെന്നും തുക 8443-00-108PW ഡിപ്പോസിറ്റ് എന്ന ശീർഷകത്തിൽ ചലാൻ മുഖേന അടയ്ക്കുവാനും നിർദ്ദേശിച്ചതനുസരിച്ച് പിൻവലിച്ച തുക 4,45,000/- രൂപ നിർദ്ദിഷ്ട ഹെഡിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് രസീത് , വിനിയോഗ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/21.11.17) മറുപടി ലഭ്യമാക്കിയിട്ടില്ല .രേഖകളുടെ അഭാവത്തിൽ 4,45,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 വിനിയോഗരേഖകൾ ഹാജരാക്കിയില്ല

മുഹമ്മ, മണ്ണഞ്ചേരി, ആര്യാട്, മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തുകളിൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പാത നിർമ്മിക്കുന്നതിന് ആവശ്യമായ സാമഗ്രികൾ വിതരണം ചെയ്യുതിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടുകൾ പ്രകാരം വാങ്ങിയ സാധനങ്ങൾ ഗ്രാമ പഞ്ചായത്തുകൾ കൈപ്പറ്റിയതിന്റെ രേഖകൾ, വിനിയോഗ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | വാങ്ങിയ സാധനങ്ങളുടെ വിവരം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 17/16-17 മുഹമ്മ ഗ്രാമ പഞ്ചായത്തിലെ കോൺക്രീറ്റ് നടപ്പാത നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികളുടെ വിതരണം | ഗ്രാവൽ - 51 $m^3$<br>20mm metal – 24.6 $m^3$<br>40mm metal – 27.2 $m^3$<br>10mm metal – 4.77 $m^3$<br>coarse sand – 29.40 $m^3$<br>cement – 9.05 T | 341618/-<br>224781/-ബിൽ നം. 28/31.03.2016<br>116837/- ബിൽ നം. 1/23.09.16 |
| 2 | 18/16-17 മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ കോൺക്രീറ്റ് നടപ്പാത നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികളുടെ വിതരണം | ഗ്രാവൽ - 52.50 $m^3$<br>20mm metal – 24.35 $m^3$<br>40mm metal – 27.50 $m^3$<br>10mm metal – 4.554 $m^3$<br>coarse sand – 29.30 $m^3$<br>cement – 13.50 T | 387582/-<br>209779/- ബിൽ നം. 23/31.03.2016<br>177803/- ബിൽ നം.5/25.11.16 |
| 3 | 19/16-17 ആര്യാട് ഗ്രാമ പഞ്ചായത്തിലെ കോൺക്രീറ്റ് നടപ്പാത നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികളുടെ വിതരണം | ഗ്രാവൽ - 141.89 $m^3$<br>40mm metal – 83.92 $m^3$<br>20mm metal – 75.8 $m^3$ | 1195251/-<br>678992/- ബിൽ നം. 18/31.03.16<br>516259/- 6/25.11.16 |

| | | | |
|---|---|---|---|
| | | 10mm metal – 14.5 $m^3$<br>Coarse sand – 90.56 $m^3$<br>Cement – 42.9 T | |
| 4 | 20/16-17 മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ കോൺക്രീറ്റ് നടപ്പാത നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികളുടെ വിതരണം | ഗ്രാവൽ - 212.63 $m^3$<br>40mm metal – 92.23 $m^3$<br>20mm metal – 83.05 $m^3$<br>10mm metal – 15.97 $m^3$<br>Coarse sand – 100.05 $m^3$<br>Cement – 40.1 T | 1374180/-<br>912287/- ബിൽ നം.19/31.03.16<br>461893/- ബിൽ നം. 3/23.10.16 |

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. തൻവർഷത്തെ 1272792/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 പ്രൊഫഷണൽ കോഴ്സ് - എസ്.സി വിദ്യാർത്ഥികൾക്ക് ധനസഹായം - ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സുതാര്യമല്ല

പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിനായി എസ്.സി. ഡെവലപ്പ്മെന്റ് ഓഫീസർ നടപ്പിലാക്കിയ എസ് 038/17-ാം നമ്പർ പ്രോജക്ടിനായി നടത്തിയ ഗുണഭോക്തൃ തിരഞ്ഞെടുപ്പിൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. ജി.ഒ.(എം.എസ്) 4/2016 തസ്വഭവ, തീയതി- 11.01.2016 ഖണ്ഡിക 6-8(2) പ്രകാരം പട്ടിക ജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിന് സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ധന സഹായം അനുവദിക്കാവുന്നതാണ്. എന്നാൽ, ധനസഹായം നല്കുന്നതിന് മുൻപ് അയൽ സഭയും ഗ്രാമസഭയും ഗുണഭോക്താക്കളെ അംഗീകരിക്കേണ്ടതാണ്. പ്രോജക്റ്റ് നടത്തിപ്പിനായി എസ്.സി.ഡി.ഒ 20.09.16ൽ ബ്ലോക്കിന് കീഴിൽ വരുന്ന പഞ്ചായത്തുകളിൽ നിന്നും ഗുണഭോക്തൃ ലിസ്റ്റ് ആവശ്യപ്പെട്ടു. എന്നാൽ, യഥാസമയം ലിസ്റ്റ് ലഭിക്കാത്തതിനാൽ നിർവഹണ ഉദ്യോഗസ്ഥയുടെ അഭ്യർത്ഥന മാനിച്ച് 16.11.16ലെ കമ്മറ്റിയുടെ 3ാം നമ്പർ തീരുമാന പ്രകാരം ദിനപത്രങ്ങളിൽ വിജ്ഞാപനം നൽകി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് പട്ടിക ജാതി ഓഫീസറെ ചുമതലപ്പെടുത്തുകയുണ്ടായി.

തുടർന്ന് പത്രപരസ്യത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 10 അപേക്ഷകൾ അംഗീകരിച്ച് നല്കണമെന്ന് നിർവഹണ ഉദ്യോഗസ്ഥ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി ഇവർക്ക് ആനുകൂല്യം നല്കുവാൻ പട്ടികജാതി വികസന ഓഫീസറെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതിനായി ബിൽനം. 3/23.01.17 പ്രകാരം 175000/- രൂപയും ബിൽ നം. 4/17.03.17 പ്രകാരം 75000/- രൂപയും പിൻവലിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ മണ്ണഞ്ചേരി ,മാരാരിക്കുളം തെക്ക്, ആര്യാട്, മുഹമ്മ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും യഥാക്രമം 16, 12, 2, 14 വിദ്യാർത്ഥികളുടെ ലിസ്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഈ പ്രോജക്റ്റ് നടത്തിപ്പിൽ പത്രപ്പരസ്യം നൽകി ഗുണഭോക്താക്കളെ നിശ്ചയിച്ചതിനു ശേഷം ഗ്രാമസഭയിൽ ഇവരെ ഉൾപ്പെടുത്തിയതാണെന്നു മേൽ നടപടിക്രമങ്ങളിൽ നിന്നും വ്യക്തമാണ്. ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് തന്നെയാണ് ആനുകൂല്യം നൽകിയിട്ടുള്ളതെങ്കിലും ലിസ്റ്റ് ബ്ലോക്ക് പഞ്ചായത്തിന് നല്കിയ തീയതി, പഞ്ചായത്ത് കമ്മറ്റി ഈ ലിസ്റ്റുകൾ അംഗീകരിച്ച തീയതി തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 16 പേരിൽ നിന്നും 3 പേരേയും മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 12 പേരിൽ നിന്നും 2 പേരേയും മുഹമ്മ ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 14 പേരിൽ നിന്നും 3 പേരേയും എന്ത് അടിസ്ഥാനത്തിലാണ് തിരഞ്ഞെടുത്തിരിക്കുന്നത് എന്ന് വിശദീകരിച്ചിട്ടില്ല. ഗ്രാമസഭാലിസ്റ്റിലുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിൽ മുൻഗണനാക്രമവും പാലിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് സ്കോളർഷിപ്പിന്റെ വിവരം വിദ്യർത്ഥികളെ അറിയിക്കുന്നതിന് വേണ്ടിയാണ് പത്രപ്പരസ്യം നല്കിയിട്ടുള്ളതെന്നും പഞ്ചായത്തിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കിയാണ് ആനുകൂല്യം നല്കിയതെന്നുമുള്ള മറുപടി അംഗീകരിക്കുന്നില്ല. കാരണം ഗ്രാമ പഞ്ചായത്തുകൾ ലിസ്റ്റ് നൽകാത്തതുകൊണ്ടാണ് പത്രപ്പരസ്യം നടത്തിയതെന്നും പത്രപ്പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ ആണ് അംഗീകരിച്ചതെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന്റെ അധികാരം ഗ്രാമസഭകൾക്കാണ്. അധികാര വികേന്ദ്രീകരണത്തിന്റെ നിയമങ്ങളുടേയും തത്വങ്ങളുടേയും അന്തസത്തയ്ക്കനുസൃതമായി ഗുണഭോക്താക്കളെ മാർഗ്ഗരേഖ പ്രകാരം തിരഞ്ഞെടുക്കേണ്ടതാണ്.

## 3-6 ഘടക സ്ഥാപനങ്ങൾക്ക് ഓഫീസ് ഉപകരണങ്ങളും ഫർണീച്ചറും-രേഖകൾ അപൂർണ്ണം

റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ ഘടക സ്ഥാപനങ്ങൾക്ക് ഓഫീസ് ഉപകരണങ്ങളും ഫർണീച്ചറും (പ്രോജക്റ്റ് നം.100/17) എന്ന പ്രോജക്റ്റിൽ, വാങ്ങൽ നടത്തിയിട്ടുള്ളത് അംഗീകൃത പ്രോജക്റ്റിൽ ലക്ഷ്യമിട്ടതനുസരിച്ചല്ല എന്നു കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| ഇനം | വാങ്ങുവാൻ ലക്ഷ്യമിട്ട എണ്ണം | വാങ്ങിയ എണ്ണം |
|---|---|---|
| ഫോട്ടോസ്റ്റാറ്റ് മെഷീൻ | 1 | - |
| കസേര | 300 | 88 |
| അലമാര | 2 | 12 |
| റാക്ക് | 2 | - |
| കമ്പ്യൂട്ടർ | 6 | 5 |
| കമ്പ്യൂട്ടർ ടേബിൾ | 6 | 3 |
| മേശ | 3 | 3 |

ഇവ കൂടാതെ അംഗീകൃത പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത 5 പ്രിന്ററുകൾ, UPS ചെറുത് 2 എണ്ണം എന്നിവ കൂടി വാങ്ങുകയുണ്ടായി. പ്രോജക്റ്റിൽ നിന്നും വ്യതിചലിച്ച് സാധനങ്ങൾ വാങ്ങിയിട്ടുള്ളത് നിർവ്വഹണത്തിലെ വീഴ്ചയാണ്.

5 കമ്പ്യൂട്ടർ, 5 പ്രിന്റർ, 2 UPS, 3 കമ്പ്യൂട്ടർ ടേബിൾ എന്നിവയ്ക്കായി ആൽഫാനെറ്റ് സിസ്റ്റം എന്ന

സ്ഥാപനത്തിന് ബിൽ നം. 52/23-2-2017പ്രകാരം 227900/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് നൽകി. അതുപോലെ 88 കസേരകൾ, 12 അലമാരകൾ, 3 മേശകൾ എന്നിവയ്ക്കായി ഗോപിക ഇൻഡസ്ട്രീസിന് ബിൽ നം. 38/20-1-2017 പ്രകാരം 135386/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് നൽകി.

വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കൈപ്പറ്റ് രസീതുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ 68 കസേരകൾ (CDPO-58, SCDO-10), 2 മേശകൾ (CHC 2), 2 അലമാരകൾ (SCDO), 2 കമ്പ്യൂട്ടറുകൾ (CDPO-1, SCDO-1), ഒരു കമ്പ്യൂട്ടർ ടേബിൾ (SCDO-1), ഒരു പ്രിന്റർ (SCDO-1) 2 UPS (CDPO-1, SCDO-1) എന്നിവ ഘടക സ്ഥാപനങ്ങൾ കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു.

| ഇനം | കൈപ്പറ്റുവാൻ ബാക്കി | വില |
|---|---|---|
| കസേര | 20 | 20*365.75=7315 |
| അലമാര | 10 | 10*7950=79500 |
| കമ്പ്യൂട്ടർ | 3 | 3*33000=99000 |
| കമ്പ്യൂട്ടർ ടേബിൾ | 2 | 2*1550=3100 |
| മേശ | 1 | 1*2600=2600 |
| പ്രന്റർ | 4 | 4*11600=46400 |
| | ആകെ | 237915 |

വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ 237915രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ - തുക മുൻകൂറായി നൽകി- പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ മാർക്കറ്റുകളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി ഐ.ആർ.ടി.സി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനെ ചുമതലപ്പെടുത്തിയതനുസരിച്ച് ഐ.ആർ.ടി.സി യുടെ പ്രോജക്ട് എഞ്ചിനീയർ നൽകിയ എസ്റ്റിമേറ്റ് പ്രകാരം 3 സ്ഥലങ്ങളിലായി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 1308840 രൂപ നിർമ്മാണ ചെലവും മാനേജ്മെന്റ് ചാർജ്ജ്, നികുതികൾ ഉടങ്ങിയവയ്ക്കായി 116160 രൂപയും ഉൾപ്പെടെ ആകെ 1425000/- രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിന്റെ 40% ആയ 570000/- രൂപ ബിൽ നം. 55/23.02.17 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച് ഐ.ആർ.ടി.സി ക്ക് നൽകി. ഐ.ആർ.ടി.സി യുമായി സെക്രട്ടറി ഏർപ്പെട്ടിട്ടുള്ള കരാറിൽ 5 -ാം ഇനമായി അഡ്വാൻസ് കൈപ്പറ്റിയ തീയതി മുതൽ 3 മാസത്തിനകം നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ പ്രോജക്ട് പൂർത്തിയാക്കിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രാദേശികമായി ഉണ്ടായ തടസ്സങ്ങൾ മൂലമാണ് നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം നടക്കാതെ പോയതെന്നും മുഹമ്മ മാർക്കറ്റിലെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും മറ്റുള്ള നിർമ്മാണങ്ങൾ പുരോഗമിച്ചുവരുകയാണെന്നും അറിയിച്ചിട്ടുണ്ട്. മാത്രമല്ല, മുഹമ്മ മാർക്കറ്റിൽ നിലവിൽ കെട്ടിടം ഉള്ളതിനാൽ വർക്ക് ഷെഡ് ഒഴിവാക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് ഐ.ആർ.ടി.സിയെ അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതും നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കരാറിൽ യൂണിറ്റുകളുടെ ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. പൂർത്തീകരണ രേഖകളുടെ അഭാവത്തിൽ 570000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ടിന്റെ പേര് - സ്ത്രീകളുടെ കാൻസർ നിർണ്ണയ ക്യാമ്പ് - ആര്യാട് പി.എച്ച് .സി

പ്രോജക്ട് നം. - 96/17

അടങ്കൽ തുക - 85,499/-

ചെലവ് തുക - 85,499/-

ബിൽ നം. - 03/16-17, തീയതി - 22.03.17

ആര്യാട് ഗ്രാമ പഞ്ചായത്തിൽ ക്യാൻസർ നിർണ്ണയ ക്യാമ്പ് നടത്തുന്നതിനായി മെഡിക്കൽ ഓഫീസർ, ആർ.എച്ച്.റ്റി.സി, ചെട്ടികാട് നിർവഹണ ഉദ്യോഗസ്ഥനായി രൂപീകരിച്ച പ്രോജക്ടാണിത്. ഇത് പ്രകാരം പിൻവലിച്ച തുകയായ 85,499/- രൂപയിൽ 20,189/- രൂപ മെഡിക്കൽ ഓഫീസറുടെ അക്കൌണ്ടിലേയ്ക്കാണ് ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. തുകയുടെ കൈപ്പറ്റ് വിവരം, വിനിയോഗ രേഖകൾ എന്നിവ ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/21.11.17) മറുപടി നൽകിയിട്ടില്ല. ആയതിനാൽ, 20,189/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു

ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ നിർവഹണം നടത്തിയ ആര്യാട് ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളുടെ അടിസ്ഥാന സൌകര്യ വികസനത്തിന് ബ്ളോക്ക് പഞ്ചായത്ത് വിഹിതം നൽകൽ (പ്രോജക്ട് നം .-98/17) എന്ന പ്രോജക്ടിനായി 2,63,128/- രൂപ വകയിരുത്തിയിരുന്നു. പ്രോജക്ടിനായി 17.03.17-ലെ ബിൽ നം.3/2016-17 പ്രകാരം 2,63,128 /- രൂപ പിൻവലിച്ച് ഗ്രാമ പഞ്ചായത്തിന് നൽകി. എന്നാൽ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/23.11.17) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 2,63,128/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 കടലോര മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് വല, കട്ടമരം, ഔട്ട് ബോർഡ് എഞ്ചിൻ - നിർവഹണത്തിലെ അപാകതകൾ

പ്രോജക്ടിന്റെ പേര് - കടലോര മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് വല , കട്ടമരം, ഔട്ട് ബോർഡ് എഞ്ചിൻ

പ്രോജക്ടിന്റെ നം. – 120/17

അടങ്കൽ തുക - 6,00,000/-(വികസന ഫണ്ട് -ജനറൽ)

18,00,000/- (മറ്റുള്ളവ)

ചെലവ് തുക - 400000/-(വികസന ഫണ്ട് -ജനറൽ)

ബിൽ നം. - 5/16-17 തീയതി- 30.03.17

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ നിർവഹണം നടത്തിയ കടലോര മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് വല, ഔട്ട് ബോർഡ് എഞ്ചിൻ എന്നിവ ഉൾപ്പെടെ ഡിങ്കി ലഭ്യമാക്കുന്നതിനായി 24 ലക്ഷം രൂപ അടങ്കൽ തുക നിർണ്ണയിച്ച് ഒരു ഗ്രൂപ്പിന് 6 ലക്ഷം രൂപ ബാങ്ക് ലോണും 2 ലക്ഷം രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സബ്സിഡി തുകയും ഉൾപ്പെടുത്തി ആരംഭിച്ച പദ്ധതിയാണിത്. ഇത് പ്രകാരം മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ ഭാഗ്യതാരം എസ്.എച്ച്.ജി, ദീപിക എസ്.എച്ച്.ജി എന്നീ 2 ഗ്രൂപ്പുകൾക്കാണ് സബ്സിഡി തുക നല്കിയത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ

താഴെ കൊടുക്കുന്നു.

ഭാഗ്യതാരം എസ്.എച്ച്.ജി

1. പ്രോജക്ടിന്റെ ചെലവ് രേഖകൾ ഹാജരാക്കിയതിൽ , കേരളാ ടൈം സെന്റർ എന്ന സ്ഥാപനത്തിൽ നിന്നും 13.06.2017 ൽ ബിൽ നം. 9295 പ്രകാരം വാങ്ങിയ 195 രൂപ വിലയുള്ള കാൽക്കുലേറ്റർ, വിജയ ബുക്ക് ഡിപ്പോയുടെ 08.06.17 ലെ 94ാം നമ്പർ ബിൽ പ്രകാരം വാങ്ങിയ 1240/- രൂപയുടെ നോട്ട് ബുക്ക്, പ്രൈം മൊബൈൽസിന്റെ 03.06.17 ലെ 266-ാം നം. ബിൽ പ്രകാരം 1400/-രൂപ വിലയുള്ള നോക്കിയ മൊബൈൽ, 1500/-രൂപ വിലയുള്ള സാംസംഗ് മൊബൈൽ എന്നിവയുടെ ബില്ലുകളും ഉൾപ്പെടുന്നു. എന്നാൽ, ഇവ പ്രോജക്ടിന്റെ നടത്തിപ്പിനായി ആവശ്യമില്ലാത്ത സാധനങ്ങളാണ്.
2. ഈ പ്രോജക്ടിനായി ഹമീദിയ ട്രേഡിംഗ്, ക്ലാപ്പന എന്ന സ്ഥാപനത്തിൽ നിന്നും 1,84,601/- രൂപയുടെ എസ്റ്റിമേറ്റ് മാത്രമാണ് ലഭ്യമാക്കിയത്. എസ്റ്റിമേറ്റിൽ സാധനങ്ങളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലോ സ്റ്റോക്കിലെടുത്തതിന്റെ രേഖയോ തുക കൈപ്പറ്റിയതിന്റെ രേഖയോ ലഭ്യമാക്കിയില്ല.
3. താഴെ കൊടുത്തിരിക്കുന്ന ബിൽ പ്രകാരം ചെലവഴിച്ച തുകകൾ സ്ഥാപനം കൈപ്പറ്റിയതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.

| സ്ഥാപനം | വാങ്ങിയ ഉത്പന്നം | ബിൽ നം./ തീയതി | തുക |
|---|---|---|---|
| വൈകുണ്ഡ് എന്റർ ടേക്ക് (പ്രൈ) ലിമി. | ബോട്ട് | 09/09.05.2017 | 2,00,000/-(16.03.17ൽ 55-ാം നം. പ്രകാരം 50,000/- രൂപയുടെ കൈപ്പറ്റ് ലഭ്യമായിട്ടുണ്ട്) |
| മത്സ്യഫെഡ് വ്യാസ സ്റ്റോർ | വലയും അനുബന്ധ സാധനങ്ങളും | 21/11.04.2017 | 1,04,700 |
| | | ART/GST/ 00041 26.07.17 | 1,27,482 |
| അമ്മ ബോട്ട് യാർഡ് | വലയും അനുബന്ധ സാധനങ്ങളും | AMB/GST/ 00036/ 20.09.17 | 11,492 |
| | | 51/13.08.2017 | 1,00,000 |

ദീപിക എസ്.എച്ച്.ജി

1. സബ്സിഡി മാർഗ്ഗ രേഖ പ്രകാരം, ഫിഷിംഗ് നെറ്റ് മത്സ്യ ഫെഡിന്റെ വ്യാസ സ്റ്റോറിൽ നിന്നുമാണ് വാങ്ങേണ്ടത്. എന്നാൽ, സി. സുന്ദരൻ എന്ന ഡീലറിൽ നിന്നുമാണ് 43,401/- രൂപയുടെ ഫിഷിംഗ് നെറ്റ് വാങ്ങിയിരിക്കുന്നത് .(17.06.17ലെ 152ാം നമ്പർ ബിൽ)
2. ഈ പ്രോജക്ടിനായി ഹമീദിയ ട്രേഡിംഗ്, ക്ലാപ്പന എന്ന സ്ഥാപനത്തിൽ നിന്നും 53,880/- രൂപയുടെ എസ്റ്റിമേറ്റ് മാത്രമാണ് ലഭ്യമാക്കിയത്. എസ്റ്റിമേറ്റിൽ സാധനങ്ങളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലോ സ്റ്റോക്കിലെടുത്തതിന്റെ രേഖയോ തുക കൈപ്പറ്റിയതിന്റെ രേഖയോ ലഭ്യമാക്കിയില്ല.
3. താഴെ കൊടുത്തിരിക്കുന്ന ബിൽ പ്രകാരം ചെലവഴിച്ച തുകകൾ സ്ഥാപനം കൈപ്പറ്റിയതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.

| സ്ഥാപനം | വാങ്ങിയ ഉത്പന്നം | ബിൽ നം./തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| വൈകുണ്ഡ് എന്റർ ടേക്ക് (പ്രൈ) ലിമി. | ബോട്ട് | 18/22.06.2017 | 2,00,000/-(16.03.17ൽ 55-ാം നം. പ്രകാരം 50,000/- രൂപയുടെ കൈപ്പറ്റ് ലഭ്യമായിട്ടുണ്ട്) |
| മത്സ്യഫെഡ് വ്യാസ സ്റ്റോർ | വലയും അനുബന്ധ സാധനങ്ങളും | 31/13.04.2017 | 5765 |
| | | 68/19.04.17 | 1,28,250 |
| | | 69/19.04.17 | 1,28,250 |
| ദുർഗ എന്റർപ്രൈസസ് | | 37/23.04.2017 | 1,05,000 |

അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന്റെ യഥാർത്ഥ ചെലവ് രേഖകൾ, കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 4 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ - മാനദണ്ഡങ്ങൾ പാലിച്ചില്ല.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ മുഖേന ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ അവശ്യം വേണ്ട ചില നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

സ.ഉ.(എം.എസ്.) 4/16 തീയതി: 11-01-2016 ഖണ്ഡിക 6-15 (vii)(H) പ്രകാരം കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിനു മുൻപായി സംയുക്ത പ്രോജക്ടുകളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി ഒരു പ്രത്യേക യോഗം ജില്ലാതലത്തിൽ ചേരേണ്ടതാണ്. അതുപോലെ ഖണ്ഡിക6-15(vii)(ഡി) പ്രകാരം ഏതെല്ലാം തദ്ദേശസ്ഥാപനങ്ങൾക്കാണോ വിഹിതം നൽകേണ്ടത് ആ തദ്ദേശസ്ഥാപനങ്ങളുമായി കരാർ വച്ചിട്ടുവേണം ബ്ലോക്ക് വിഹിതം നൽകുവാൻ. എന്നാൽ 2016-17 വർഷം ബ്ലോക്ക് വിഹിതം നൽകിയ താഴെ പറയുന്ന പ്രോജക്ടുകളിൽ ഈ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1. മുഹമ്മ ബോട്ട്ജെട്ടി നവീകരണം പ്രോജക്ട് നം.S 095/17
   ഈ പ്രോജക്ടിനായി ബിൽ നം. 66/8-3-2017 പ്രകാരം 2 ലക്ഷം രൂപ പിൻവലിച്ച് മുഹമ്മ ഗ്രാമ പഞ്ചായത്തിനു നൽകി
2. ബഡ്സ്കൂൾ നവീകരണം പ്രോജക്ട് നം. S.092/17
   ബഡ്സ്കൂൾ നവീകരണത്തിനായി ബിൽ നം. 92/28-2-2017 പ്രകാരം 3 ലക്ഷം രൂപ പിൻവലിച്ച് മാരാരിക്കുളം ഗ്രാമ പഞ്ചായത്തിനു നൽകി.
3. ജലസേചനത്തിന് സൌകര്യം ഒരുക്കൽ പ്രോജക്ട് നം. S.0118/17
   കൃഷിയിടങ്ങളിൽ ജലസേചനത്തിന് സൌകര്യം ഒരുക്കുന്നതിനായി ബിൽ നം. 67/8-3-2017 പ്രകാരം 5 ലക്ഷം രൂപ പിൻവലിച്ച് 2 ലക്ഷം രൂപ മുഹമ്മ ഗ്രാമ പഞ്ചായത്തിനും 3 ലക്ഷം രൂപ മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിനും നൽകി.

മുകളിൽ പറഞ്ഞ പ്രോജക്ടുകളിലായി 10 ലക്ഷം രൂപ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ ഈ ഗ്രാമപഞ്ചായത്തുകളിൽ നിന്നും കൈപ്പറ്റ് രസീതോ വിനിയോഗ സാക്ഷ്യപത്രമോ ലഭിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ 10 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 മുഹമ്മ സി.എച്ച്.സി. വൈദ്യുതീകരണം - പണം ഡിപ്പോസിറ്റ് ചെയ്തെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല.

മുഹമ്മ സി.എച്ച്.സി. വൈദ്യുതീകരണത്തിനായി 2015/16 വർഷം 343943/- രൂപയും 2016/17 വർഷം 106057/- രൂപയും ഉൾപ്പെടെ 450000/- രൂപ തിരുവനന്തപുരം പി. ഡബ്ല്യൂ. ഡി. ഇലക്ട്രിക്കൽ ഡിവിഷനിൽ ഡിപ്പോസിറ്റ് ചെയ്തെങ്കിലും ഇതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. (ബിൽ നം. 7/ 30-09-2016, Rs. 106057)

സ.ഉ.(എം.എസ്.) 4/16, തീയതി 11-01-2016 ഖണ്ഡിക 6-15 X(c) പ്രകാരം പ്രോജക്ടിന് അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ KWA / KSEB തുടങ്ങിയ സ്ഥാപനങ്ങളുമായി കരാർ വച്ചതിനു ശേഷം മാത്രമേ മുൻകൂർ നൽകാവൂ. എന്നാൽ ഈ പ്രോജക്ടിനായി 2015/16, 2016/17 വർഷങ്ങളിൽ മുൻകൂർ പണം നൽകിയെങ്കിലും ഇതുവരെ കരാർ വച്ചിട്ടില്ല. കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ഇവ ഹാജരാക്കാത്തതിനാൽ 2016/17 വർഷത്തെ 106057/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 വായനശാലകൾക്ക് പത്രത്തിന് പണം നൽകൽ - അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ വായനശാലകൾക്ക് പത്രത്തിന് പണം നൽകൽ എന്ന പ്രോജക്ടിൽ ആവശ്യമായ രേഖകൾ പരിശോധിക്കാതെ പണം നൽകിയതായി കാണുന്നു. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 32 വായനശാലകൾക്ക് 2016-17 വർഷത്തെ പത്ര വരിസംഖ്യ നൽകുന്നതിനായി ബിൽ നം. 77/24.03.2017 പ്രകാരം രണ്ട് ലക്ഷം രൂപ ട്രഷറിയിൽനിന്നും പിൻവലിച്ച് വിതരണം ചെയ്തു. എന്നാൽ ഈ പത്ര വരിസംഖ്യ ഗ്രാമപഞ്ചായത്ത് വഴിയോ ലൈബ്രറി കൌൺസിൽ വഴിയോ മറ്റ് ഏജൻസികൾ വഴിയോ വായനശാലകൾക്ക് ലഭിച്ചിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന

ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ) രസീത് &പേയ്മെന്റ് അക്കൌണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവ് - ചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 29021981 |
| വരവ് | 56697708 |
| ആകെ | 85719689 |
| ചെലവ് | 74708301 |
| നീക്കിയിരുപ്പ് | 11011388 |

നീക്കിയിരിപ്പ് തുക പാസ് ബുക്ക് / സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്.

ബി) ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റേയും വ്യയത്തിന്റേയും സംക്ഷിപ്തം താഴെ പ്പറയുന്നു.

| | |
|---|---|
| ആദായം | 49422044 |
| വ്യയം | 52087030 |

| | |
|---|---|
| ഡെഫിസിറ്റ് | - 2664986 |

സി)<u>ബാലൻസ് ഷീറ്റ്</u>

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 33810527 |
| (-)റിസർവ്വം earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | 35313689 |
| പഞ്ചായത്ത് ഫണ്ട് | - 15031621 |

*വാർഷിക കണക്കിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.*

1. റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ പേയ്മെന്റ് ഇനത്തിൽ RP 26 ൽ പ്രയർ പിരീഡ് ഇനം ആയി 267221 രൂപ നെഗറ്റീവ് സംഖ്യ കാണുന്നു.
2. ഡെപ്പോസിറ്റ് ഇനത്തിൽ മുൻവർഷത്തെ ബാലൻസ് ഷീറ്റ്, തൻവർഷത്തെ വരവ് - ചെലവുകൾ എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് തൻവർഷത്തെ ബാലൻസ് ഷീറ്റ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും ഇത് പരിശോധിക്കുവാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
3. റസീപ്റ്റ് & പേമെന്റ് പത്രികയിൽ RP- 47 പ്രകാരം നൽകിയ അഡ്വാൻസ്, തിരികെ ലഭിച്ച അഡ്വാൻസ് ഇവ കണക്കിലെടുത്തല്ല ബാലൻസ് ഷീറ്റ് തയ്യാറാക്കിയിട്ടുള്ളത്. RP- 47 പ്രകാരം Other advance 20000 രൂപ നൽകുകയും തിരിച്ച് വരുകയും ചെയ്തിട്ടുണ്ട്. 2015-16 വർഷം ഈ ഇനത്തിൽ തുക ലഭിക്കാനില്ലെങ്കിൽകൂടി തൻവർഷ ബാലൻസ് ഷീറ്റിൽ (B -18) 4791261 രൂപ തിരികെ കിട്ടാനുള്ളതായി കാണിച്ചിട്ടുണ്ട്. അതുപോലെ, Advance to others നൽകിയതും തിരികെ വന്നതും യഥാക്രമം 930767/-, 153454/- രൂപയാണെങ്കിലും തിരികെ ലഭിക്കാനുള്ളതായി ബാലൻസ് ഷീറ്റിൽ 841341/- രൂപ കാണുന്നു. അഡ്വാൻസ് പരിശോധിക്കുവാനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.
4. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11-ൽ ഫിക്സഡ് അസറ്റ് ഇനത്തിൽ 12 ഇനങ്ങൾ ചേർത്തിട്ടുണ്ട്. ഇവ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയത് വിശദീകരിച്ചിട്ടില്ല.
5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-16 – ൽ പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ് ചേർത്തിട്ടുണ്ട്. ഇത് പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 2016-17 | 4403531 | ഐ.എ.വൈ ഭവന നിർമ്മാണം | 4403531 |
| ഗ്രാമപഞ്ചായത്തുകൾ | 2016-17 | 884994 | പി.എം.എ.വൈ ഭവന നിർമ്മാണം | 884994 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 4769620 | ഐ.എ.വൈ ഭവന നിർമ്മാണം | 4769620 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 2072000 | പി.എം.എ.വൈ ഭവനനിർമ്മാണം | 2072000 |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ | പ്രവൃത്തിയുടെ പേര് | ബിൽ നം., | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| എജൻസി | | തീയതി. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരം | മുഹമ്മ സി.എച്ച്.സി. വൈദ്യുതീകരണം | 7/30.09.2016 | 106057/- | | 106057/- |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| | | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സർക്കാർ ഉത്തരവ് (സാധാ) നം. 637/2010/ ത.സ്വ.ഭ.വ തീയതി. 25.02.2010 | 12245063 | 4419563 | 1304250 | - | 3115313 | - |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 85719689 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 74708301 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 8400 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 16358 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4729823 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 2100 | | ശരത്ചന്ദ്രക്കുറുപ്പ്, സെക്രട്ടറി |
| | 700 | | സി.എ. ബീന, സെക്രട്ടറി |
| | 5600 | | സി.കെ. മോഹനൻ നായർ, സെക്രട്ടറി |
| 3-1 (എ) | | 11338 | ഡോ. ആശ, മെഡിക്കൽ ഓഫീസർ, ആർ.എച്ച്.ടി.സി., ചെട്ടികാട് |
| 3-1 (ബി) | | 5020 | |
| ആകെ | **8400** | **16358** | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(സി) | 14742 | ഡോ. ആശ, മെഡിക്കൽ ഓഫീസർ,<br>ആർ.എച്ച്.ടി.സി., ചെട്ടികാട് |
| 3-2 | 200000 | ഡോ. ശ്രീദേവി. എസ്, മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി, മുഹമ്മ |
| 3-3 | 445000 | ഡോ. ശ്രീദേവി. എസ്, മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി, മുഹമ്മ |
| 3-4 | 1272792 | അപ്പൻ.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-6 | 237915 | സി.കെ.മോഹനൻ നായർ, സെക്രട്ടറി |
| 3-7 | 570000 | സി.കെ.മോഹനൻ നായർ, സെക്രട്ടറി |
| 3-8 | 20189 | ഡോ. ആശ, മെഡിക്കൽ ഓഫീസർ,<br>ആർ.എച്ച്.ടി.സി., ചെട്ടികാട് |
| 3-9 | 263128 | റഷീദ ബീവി, ശിശു വികസന പദ്ധതി ഓഫീസർ |
| 3-10 | 400000 | സഫീന. കെ.എസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-11 | 1000000 | സി.കെ.മോഹനൻ നായർ, സെക്രട്ടറി |
| 3-12 | 106057 | സി.കെ.മോഹനൻ നായർ, സെക്രട്ടറി |
| 3-13 | 200000 | സി.കെ.മോഹനൻ നായർ, സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 4729823 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശരത്ചന്ദ്ര കുറുപ്പ്, സെക്രട്ടറി | സെക്രട്ടറി,<br>ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | രാമനിലയം,<br>നടക്കൽ, അടുതല.പി.ഒ,<br>കൊല്ലം |
| സി.എ.ബീന, ജി.ഇ.ഒ | ബ്ലോക്ക് ഓഫീസ്, അമ്പലപ്പുഴ | ബംഗ്ലാവ് പറമ്പിൽ,<br>ആറാട്ടുവഴി, ആലപ്പുഴ |
| സി.കെ.മോഹനൻ നായർ,<br>സെക്രട്ടറി | സെക്രട്ടറി,<br>ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് | കറുതല,<br>കളവംകോടം. പി.ഒ,ആലപ്പുഴ |
| അപ്പൻ.എസ്,<br>അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി,<br>ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | ശ്രീശക്തി,<br>54/1120(2), എടഗ്രാം,<br>കരുമം.പി.ഒ |
| സഫീന.കെ.എസ്,<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ,<br>ആര്യാട്ബ്ലോക്ക് പഞ്ചായത്ത് | കളിയിക്കൽവീട്,<br>കായംകുളം പി.ഒ |
| റഷീദ ബീവി,<br>സി.ഡി.പി.ഒ. | ശിശുവികസന പദ്ധതി ഓഫീസർ,<br>ആര്യാട് | കോയിക്കലേത്ത് തെക്കേതിൽ,<br>പരിമണം, മുട്ടം പി.ഒ,<br>ഹരിപ്പാട് |
| ഡോ. ആശ,<br>മെഡിക്കൽ ഓഫീസർ,<br>ആർ.എച്ച്.ടി.സി., ചെട്ടികാട് | ടി.ഡി. മെഡിക്കൽ കോളേജ്,<br>ആലപ്പുഴ | ഗൗരീശങ്കരം,<br>റ്റി.സി 6/1448(2),<br>ചെറുവിക്കൽ പി.ഒ,<br>തിരുവനന്തപുരം |

| | | |
|---|---|---|
| | | |
| ഡോ.ശ്രീദേവി.എസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., മുഹമ്മ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., മുഹമ്മ | വിശ്വമംഗലം, കരുമാടി. പി.ഒ., അമ്പലപ്പുഴ |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1997-98 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(86)/14, തീയതി: 31.03.2014 |
| 1998-99 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(87)/14, തീയതി: 31.03.2014 |
| 1999-00 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(88)/14, തീയതി: 31.03.2014 |
| 2000-01 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(89)/14, തീയതി: 31.03.2014 |
| 2001-02 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(90)/14, തീയതി: 31.03.2014 |
| 2002-03 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(91)/14, തീയതി: 31.03.2014 |
| 2003-04 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(92)/14, തീയതി: 31.03.2014 |
| 2004-05 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(93)/14, തീയതി: 31.03.2014 |
| 2005-06 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(94)/14, തീയതി: 31.03.2014 |
| 2006-07 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(95)/14, തീയതി: 31.03.2014 |
| 2007-08 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(96)/14, തീയതി: 31.03.2014 |
| 2008-09 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(97)/14, തീയതി: 31.03.2014 |
| 2009-10 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(98)/14, തീയതി: 31.03.2014 |
| 2010-11 & 2011-12 | എൽഎഫ് എ ബി പി 494/2013/23-10-2013 |
| 2012-13 | എൽഎഫ് എ ബി പി 437/2015/10-06-2015 |
| 2013-14, 2014-15 | കെ.എസ്.എ/എ.എൽ.പി/ബി.പി-1571/2015/15.12.2015 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/ബി.പി-211/2017/13.03.17/22.03.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

.
.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി-ബി.പി- 1451/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

ഫോൺ – 0477-2252753,

ഇ-മെയിൽ - ddhglfalpy@gmail.com

തീയതി: 01.12.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.
.
.
.
.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-BP-1451/2017

Kerala State Audit Department,

District Audit Affice, Alappuzha.

Ph : 0477-2252753

E-mail : ddhglfalpy@gmail.com

Date: 01.12.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Aryad Block Panchayat in Alappuzha district for the year ended on 31.03.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statement of Aryad Block Panchayat for the year 2016-17 except the observations in Para 4-1 of my Audit Report properly presents the picture of income and expenditure.

.

.
.
.
.
.

Senior Deputy Director

kerala State Audit Department

Alappuzha